(സി) അഡീഷണൽ ജഡ്ജിമാരെത്ര;

(ഡി) അവരിൽ നായർ, ഈഴവ, ക്രൈസ്തവ, മുസ്ലീം സമുദായത്തിലോരോന്നിലും ഉൾപ്പെടുന്നവരെത്ര;

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്):

(എ) 14.

(ബി) 11.

(സി) 3.

(ഡി) നായർ–6, ഈഴവ–2, ക്രൈസ്തവ–2, മുസ്ലീം–1.

ഹിന്ദി ട്രെയിനിംഗ് കോളേജുകൾ

* 15 [19] ശ്രീ. എൻ. കെ. ശേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഹിന്ദി ട്രെയിനിംഗ് കോളേജുകളെ ഇക്കൊല്ലം മുതൽ ഇൻസ്റ്റിറ്റ്യൂട്ടുകളായി തരം താഴ്ത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്

വിദ്യാഭ്യാസ മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ)

(എ) ഹിന്ദി ഇൻസ്റ്റിറ്റ്യൂട്ടുകളായി മാറിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ചില ഹൈസ്കൂളുകളോടനുബന്ധിച്ച് മലയാളം, തമിഴ്, കർണ്ണാടകം, അറബി, ഉറുദു എന്നീ പ്രാദേശിക ഭാഷകളും പഠിപ്പിക്കുന്ന അദ്ധ്യാപകരെ ഉദ്ദേശിച്ച് ഭാഷാദ്ധ്യാപക പരിശീലന കേന്ദ്രങ്ങളും നടത്തിപ്പോരുന്നുണ്ട്. ഭാഷാദ്ധ്യാപകർക്കു നൽകുന്ന പരിശീലനത്തിൽ നിന്ന് വിഭിന്നമല്ലാത്ത പരിശീലനമാണ് ഹിന്ദി അദ്ധ്യാപകർക്കായി ഹിന്ദി ട്രെയിനിംഗ് കോളേജുകളിൽ നൽകികൊണ്ടിരുന്നതു്. ഹിന്ദി ട്രെയിനിംഗ് കോളേജുകൾ ഏതെങ്കിലും സർവ്വകലാശാലയോടു് അഫിലിയേറ്റു് ചെയ്തിട്ടില്ല. ഇവിടത്തെ പരീക്ഷകളും നടത്തുന്നതുമതലയും ഗവണ്മെൻറു പരീക്ഷാകൺട്രോളറിൽ നിഷ്പക്ഷതമായിരുന്നു. കേന്ദ്രഗവണ്മെൻറിൻെറ ആഭിമുഖ്യത്തിലുള്ള പദ്ധതി പ്രകാരം ഈ കോളേജുകളെ സംബന്ധിച്ചു് മുഴുവൻ ചെലവും അഞ്ചു വർഷക്കാലത്തേയ്ക്കു് കേന്ദ്രത്തിൽ നിന്നും വഹിച്ചുകൊള്ളാമെന്നതുകൊണ്ടും ഹിന്ദി അദ്ധ്യാപകരുടെ പരിശീലനത്തിനായി ട്രെയിനിംഗ് കോളേജുകളുടെ മാതൃകയിലും പദവിയിലും ഉള്ള സ്ഥാപനങ്ങളും തന്നെ നടത്തണമെന്നു് അന്നു് കേന്ദ്രത്തിൽ നിന്നും നിഷ്കർഷിച്ചിരുന്നതിനാലും മാത്രമാണു് ഹിന്ദിക്കുമാത്രമായി ട്രെയിനിംഗ് കോളേജുകൾ നടത്തിവന്നതു്. അഞ്ചുവർഷത്തിനുശേഷം ഈ സ്ഥാപനങ്ങളുടെ മുഴുവൻ ഭാരവും സംസ്ഥാന ഗവണ്മെൻറിൻെറ ചുമലിൽ പതിയുമെന്ന പശ്ചാത്തലത്തിൽ ഇതര ഭാഷാദ്ധ്യാപകന്മാരെ അപേക്ഷിച്ചു് ഹിന്ദി അദ്ധ്യാപകർക്കു മാത്രമായി ഇപ്രകാരം പ്രത്യേക പദവിയും ഭാരിച്ച പ്രവർത്തന ചെലവും ഉള്ള കോളേജുകൾ തുടർന്നു നടത്തുന്നതു് ആശാസ്യമല്ലെന്നു് ഗവണ്മെൻറു കരുതി. ഇക്കാരണത്താൽ ഇൻഡ്യാഗവണ്മെൻറിൻെറ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ഹിന്ദി ട്രെയിനിംഗ് കോളേജുകൾ എന്ന പേരിൽ നടത്തിവന്ന പ്രസ്തുത സ്ഥാപനങ്ങൾ നിറുത്തലാക്കുവാനും തൽസ്ഥാനത്തു ഹിന്ദി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങുവാനും തീരുമാനിക്കുകയുണ്ടായി. പാഠ്യപദ്ധതിയിലോ, പരിശീലനത്തിൻെറ നിലവാരത്തിലോ യാതൊരു കോട്ടവും വരുത്താതെയും എന്നാൽ സ്റ്റാഫ് ഘടനയിൽ മാറ്റം വരുത്തികൊണ്ടും അങ്ങനെ ഭാരിച്ച ആവർത്തന ചെലവു് ചുരുക്കികൊണ്ടും ഹിന്ദി അദ്ധ്യാപകർക്കായി പേരു് കൊണ്ടു് മാത്രം വ്യത്യസ്തമായ പരിശീലനാകേന്ദ്രങ്ങളായി ഈ കോളേജുകളെ രൂപാന്തരപ്പെടുത്തുക,

LIBRARY ARCHIVES Kerala Legislative Assembly

മാത്രമാണ് ഗവണ്മെന്റ് ചെയ്തിട്ടുള്ളത്. ഇതര ഭാഷാദ്ധ്യാപക്ക് നൽകിവരുന്ന പരിശീലനത്തിനു തുല്യമായ രീതിയിലുള്ള പരിശീലനം ഹിന്ദി അദ്ധ്യാപകർക്കും നൽകുന്നതിനുള്ള സംരംഭത്തിന്റെ ഭാഗമായിട്ടു കൂടിയാണ് ഈ നടപടി കൈക്കൊണ്ടിട്ടുള്ളത്.

പാർട്ടൈം അദ്ധ്യാപകർ

* 16. [20] ശ്രീ. എ. പി. കുര്യൻ
,, ഇ. വി. കുമാരൻ
,, പി. കെ. കുഞ്ഞച്ചൻ
,, വി. എസ്. അച്യുതാനന്ദൻ
,, പി. പി. കൃഷ്ണൻ
,, പി. ജി. പുരുഷോത്തമൻപിള്ള
,, പാലോളി മുഹമ്മദ്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർട്ടൈം അദ്ധ്യാപകരെ ഫുൾടൈം ആക്കുന്നതിനു ഈ ഗവണ്മെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നു വ്യക്തമാക്കുമോ?

വിദ്യാഭ്യാസ മന്ത്രി : (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ)

(എ) ഉണ്ട്.

(ബി) ഹൈസ്കൂൾ ക്ലാസ്സുകളിൽ മേലാൽ ഫുൾടൈം ടീച്ചർമാരുടെ തസ്തികകൾ മാത്രമേ സൃഷ്ടിക്കുകയുള്ളൂ. യു. പി. സ്കൂളുകളിൽ വേണ്ടത്ര പീരിയഡുകൾ ഉള്ള സ്ഥലത്തു നിലവിലിരിക്കുന്ന പാർട്ടൈം അദ്ധ്യാപകരെ ഫുൾടൈം ആക്കാമെന്നു ഗവണ്മെന്റ് കരുതുന്നു. ഇക്കാര്യത്തിൽ ഡയറക്ടരുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ഒരു പൊതുപ്രശ്നമെന്ന നിലയിൽ പാർട്ടൈം അദ്ധ്യാപകരെ ഫുൾടൈം ആക്കുവാനുള്ള ഒരു പദ്ധതി ഗവണ്മെന്റ് സജീവമായി പരിഗണിച്ചു വരുന്നു.

ആറളം കൃഷിഫാം

* 17. [21] ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോവിയറ്റ് സഹായത്തോടെ ഇൻഡ്യാഗവണ്മെന്റ് ആറളത്തു സ്ഥാപിക്കുവാൻ നിശ്ചയിച്ചിട്ടുള്ള കൃഷിഫാമിന്റെ പ്രവർത്തനം എത്രകണ്ടു പുരോഗമിച്ചിട്ടുണ്ട്;

(ബി) ഈ ആവശ്യത്തിലേക്ക് കേരളാ ഗവണ്മെന്റ് ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്; അതിൽ എന്തൊക്കെ ചെയ്തു കഴിഞ്ഞു;

(സി) ഫാമിലേക്കുള്ള അപ്രോച്ച് റോഡിന്റെയും പാലത്തിന്റെയും കാര്യത്തിൽ എടുത്ത തീരുമാനം എന്താണ്?

(ഡി) ഫാമിന്റെ പ്രവർത്തനം എന്നു ആരംഭിക്കുവാൻ കഴിയും?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻനായർ) :

(എ) ഫാമിനാവശ്യമായ 12,000 ഏക്കർ കാപ്പാട്-ആറളം വില്ലേജുകളിൽ സ്ഥിതി ചെയ്യുന്ന ഓടന്തോട് വനവിഭാഗത്തിൽ നിന്നു പൊന്നും വിലയ്ക്ക് എടുക്കുവാനുള്ള ഉത്തരവ് 20-5-1969-ൽ നൽകിയിട്ടുണ്ട്. ഈ ആവശ്യത്തിനുവേണ്ട സ്റ്റാഫും പ്രസ്തുത സ്ഥലത്തു സർവ്വേ നടത്തുവാനും, സ്ഥിതി ചെയ്യുന്ന മരങ്ങളുടെ വില

LIBRARY ARCHIVES Kerala Legislative Assembly